പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3324 — 19.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. സ്ലാനിയ ബസുകൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര സ്ലാനിയ സർവ്വീസുകളാണ് ഇപ്പോൾ ഉള്ളത്; ഇതിൽ എത്ര ബസുകളാണ് കെ.എസ്.ആർ. ടി.സി.യ്ക്ക് സ്വന്തമായി ഉള്ളത്; എത്ര ബസുകളാണ് കരാർ അടിസ്ഥാനത്തിൽ ഓടുന്നത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാന ത്തിലാണ് ഇവ സർവ്വീസ് നടത്തുന്നത്; | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് 27 സ്ലാനിയ ബസുകളാണ് ഇപ്പോഴുള്ളത്. ഇതിൽ 17 ബസുകളാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് സ്വന്തമായുള്ളത്. 10 ബസ്സുകൾ കരാർ അടിസ്ഥാനത്തിലാണ് ഓടുന്നത്. കി.മീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കുന്നത്. ഈ വാഹനങ്ങൾക്ക് ഡീസൽ, ഡീസൽ അഡിറ്റീവ് എന്നിവ നൽകുന്നതും കണ്ടക്ടറെ നിയോഗിക്കുന്നതും കെ.എസ്.ആർ.ടി.സി ആണ്.<br><br>Vehicle Utilization / Schedule Km — Hiring rates per KM (Excluding taxes)<br>800 & above — Rs. 23.00<br>750-799 — Rs. 24.00<br>700-749 — Rs. 25.50<br>650-699 — Rs. 26.40<br>600-649 — Rs. 27.72<br><br>കരാർ പ്രകാരം വാഹനത്തിന്റെ എല്ലാത്തരത്തിലുമുള്ള മെയിന്റനൻസ് ചുമതല കമ്പനിയിൽ നിക്ഷിപ്തമാണ്. |
| (ബി) | ഇതിൽ എത്ര സർവ്വീസുകൾ ലാഭകരമാണെന്നും അവ ഏതൊക്കെയാണെന്നും പ്രതിദിനം എത്ര രൂപ ലാഭം ലഭിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സി വാടക അടിസ്ഥാനത്തിൽ (വെറ്റ് ലീസ്) 10 ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരത്ത് നിന്നും 5 ഷെഡ്യൂളുകൾ ചുവടെ പറയുന്ന രീതിയിൽ നടത്തിവരുന്നു:<br>15.15 മണി തിരുവനന്തപുരം - ബാംഗ്ലൂർ<br>17.00 തിരുവനന്തപുരം - ബാംഗ്ലൂർ<br>14.00 തിരുവനന്തപുരം - ബാംഗ്ലൂർ<br>19.30 തിരുവനന്തപുരം - ബാംഗ്ലൂർ |

| Vehicle Utilization / Schedule Km | Hiring rates per KM (Excluding taxes) |
|---|---|
| 800 & above | Rs. 23.00 |
| 750-799 | Rs. 24.00 |
| 700-749 | Rs. 25.50 |
| 650-699 | Rs. 26.40 |
| 600-649 | Rs. 27.72 |

| | | | |
|---|---|---|---|
| | | | 16.00 തിരുവനന്തപുരം-മൂകാംബിക<br>2018 മേയ് മാസത്തെ കണക്കനുസരിച്ച് 15.15 മണി തിരുവനന്തപുരം -ബാംഗ്ലൂർ സർവ്വീസ് ഒഴികെയുള്ള മറ്റ് നാല് സർവ്വീസുകളും ലാഭകരമാണ്.<br>17.00 മണി തിരുവനന്തപുരം - ബാംഗ്ലൂർ സർവ്വീസിന് ശരാശരി 315.13 രൂപയും, 14.00 മണി തിരുവനന്തപുരം - ബാംഗ്ലൂർ സർവ്വീസിന് ശരാശരി 11,540.13 രൂപയും, 19.30 മണി തിരുവനന്തപുരം - ബാംഗ്ലൂർ സർവ്വീസിന് ശരാശരി 867.4 രൂപയും, 16.00 മണി തിരുവനന്തപുരം - മൂകാംബിക സർവ്വീസിന് ശരാശരി 4,639.96 രൂപയും പ്രതിദിനം ലാഭം ലഭിച്ചിട്ടുണ്ട് (2018 മെയ് മാസത്തിൽ മേൽപ്പടി സർവ്വീസുകൾക്ക് ആകെ 4,84,469 രൂപ ലാഭം ലഭിച്ചിട്ടുണ്ട്).<br>കെ.എസ്.ആർ.ടി.സി സ്വന്തമായി വാങ്ങിയ 18 സ്കാനിയ ബസ്സുകളിൽ ഒരു ബസ് അപകടത്തിൽപ്പെട്ട് പൂർണ്ണമായി ഉപയോഗശൂന്യമാണ്. ബാക്കിയുള്ള 17 ബസ്സുകൾ ഉപയോഗിച്ച് 10 ഷെഡ്യൂൾ താഴെ പറയുന്ന രീതിയിൽ നടത്തി വരുന്നു.<br>05.30 മണി തിരുവനന്തപുരം - പാലക്കാട്<br>12.00 മണി തിരുവനന്തപുരം - എറണാകുളം<br>04.00 മണി തിരുവനന്തപുരം - കോയമ്പത്തൂർ<br>18.00 മണി തിരുവനന്തപുരം - മംഗലാപുരം<br>20.00 മണി തിരുവനന്തപുരം - മൈസൂർ<br>10.00 മണി തിരുവനന്തപുരം - കോയമ്പത്തൂർ<br>17.15 മണി തിരുവനന്തപുരം - കോയമ്പത്തൂർ<br>21.00 മണി തിരുവനന്തപുരം - കോയമ്പത്തൂർ<br>21.30 മണി തിരുവനന്തപുരം - കണ്ണൂർ<br>19.00 മണി തിരുവനന്തപുരം - മൈസൂർ<br>2018 മെയ് മാസത്തെ കണക്ക് അനുസരിച്ച് 18.00 മണി തിരുവനന്തപുരം - മംഗലാപുരം ഒഴികെയുള്ള മറ്റ് 9 സർവ്വീസുകളും നഷ്ടത്തിലാണ്. 18.00 മണി തിരുവനന്തപുരം-മംഗലാപുരം സർവ്വീസിന് പ്രതിദിനം ശരാശരി 1380 രൂപ ലാഭം ലഭിച്ചിട്ടുണ്ട്. (2018 മെയ് മാസത്തിൽ ടി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തത് വഴി ശരാശരി 18,03,053 രൂപയുടെ ആകെ നഷ്ടം ഉണ്ടായിട്ടുണ്ട്.) |

| | | | |
|---|---|---|---|
| (സി) | കൂടുതൽ റൂട്ടുകളിൽ സ്ഥാനിയ ബസുകൾ ഓടിയ്ക്കാൻ തീരുമാന മെടുത്തിട്ടുണ്ടോ; കെ.എസ്. ആർ.ടി.സി.യ്ക്ക് പുതിയ സ്ഥാനിയ ബസുകൾ സ്വന്തമായി വാങ്ങാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കൂടുതൽ റൂട്ടുകളിൽ സ്ഥാനിയ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയവ വാങ്ങാൻ ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**